2

D3BML2101(A1) (2 Pages) Reg. No:......................

Name: ........................

THIRD SEMESTER BA/B. Sc. DEGREE EXAMINATION NOVEMBER 2022

(Regular/Improvement/Supplementary)

COMMON COURSE IN MALAYALAM

GMAL3A07T: മലയാള സാഹിത്യം 3

Time: 2 ½ Hours. Maximum Marks: 80

**ഭാഗം I: 1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.**

1. മലയാളത്തിലെ രാഷ്ട്രീയനാടകം. കുറിപ്പെഴുതുക.

2. 'ആൾമാറാട്ടം' നാടകത്തെ പരിചയപ്പെടുത്തുക.

3. 'ഇതു നാടകമല്ല, ജീവിതമാണ്. കോരിത്തരിപ്പിക്കുന്ന വാക്കുകൾക്ക് വലിയ സ്ഥാനമില്ല.' സന്ദർഭമെഴുതുക.

4. തൗര്യത്രിക സമ്പ്രദായം എന്നാലെന്ത് ?

5. കൽവിളക്കിലെ വെളിച്ചം തെക്കൻ കാറ്റിൽ കെടാതിരിക്കാൻ പെരുന്തച്ചൻ ചെയ്തതെന്താണ് ?

6. മനസ്സിൽ കൊത്തുന്ന വിഗ്രഹങ്ങളുടെ കാര്യത്തിലും അതുതന്നെ സത്യം. പെരുന്തച്ചൻ ഇങ്ങനെ പറഞ്ഞതെന്തിന് ?

7. ഹെർബെർട്ട് റീഡിന്റെ ചലച്ചിത്രാവബോധത്തെപ്പറ്റിയുള്ള നിരീക്ഷണമെന്ത് ?

8. 'ആത്മകഥയും സ്മരണയും'. ലഘുവിവരണം എഴുതുക.

9. 'എന്നിൽ നിന്ന് ചൂടുള്ള ഒരു അഭിനിവേശം തിളച്ചുപൊങ്ങി'. - സന്ദർഭമെഴുതുക.

10. 'അവരാരും വരില്ല. തിരിച്ചുവരില്ല.' കവി ആരെക്കുറിച്ചാണ് ഇങ്ങനെ സൂചിപ്പിച്ചത്.?

11. 'നിന്റെ അപ്പന്റെ ശമ്പളം കൊണ്ടുമാത്രം കഴിയുന്നെന്നായിരിക്കും വിചാരം.' സന്ദർഭമെഴുതുക.

12. 'ഒരു അച്ഛന്റെ ഓർമ്മക്കുറിപ്പുകൾ '. എന്ന പുസ്തകത്തെ പരിചയപ്പെടുത്തുക.

13. 'എസ്. കെ. - സഞ്ചാരസാഹിത്യത്തിലെ കുലപതി'. ലഘുവിവരണം എഴുതുക.

14. 'ഗണേഷ് പോയിന്റ് 'എന്ന സ്ഥലത്തിന്റെ പ്രത്യേകതയെന്ത് ?

15. 'ഹനുമാൻഘട്ടി'ലെത്തിയപ്പോൾ ഗ്രന്ഥകാരൻ സ്വീകരിച്ച ഉപായം എന്തായിരുന്നു ?

(തുടർച്ച .... 2)

**ഭാഗം II: 16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.**

16. 'ഇത് ദശരഥന്റെ മേൽ വീണ മുനിശാപമോ. ഇന്നു നീ ... ആ ചക്രവർത്തിയുടെ പുത്രദുഃഖം പോലെ.' സൂചിതം വ്യക്തമാക്കുക.
17. കാവാലവും തനത് നാടകവും. വിവരണം തയ്യാറാക്കുക.
18. 'സ്വത്തിന് അളവും കണക്കും വേണ്ടല്ലോ'. കണ്ണൻ ഇങ്ങനെ പറഞ്ഞതിന്റെ പൊരുളെന്ത് ?
19. 'ഏതൊരു കലയ്ക്കുമെന്നപോലെ ചലച്ചിത്രത്തിനും ഒരു ഭാഷയുണ്ട്.' - സമർത്ഥിക്കുക.
20. 'തേവരുടെ ചോറും തിരുമേനിമാരുടെ കുറ്റം നിലനിർത്തേണ്ടവരാണ് അമ്പലവാസികൾ.' സൂചിതമെഴുതി വിവരിക്കുക.
21. കക്കയം ക്യാമ്പിനെക്കുറിച്ചുള്ള ഈച്ചരവാര്യരുടെ ഓർമ്മകൾ എന്തായിരുന്നു ?
22. ചിത്രകാരനായ സി. ജെ. യെ റോസി തോമസ് ഓർക്കുന്നതെങ്ങനെയാണ് ?
23. ഉഖിമഠിലെ സ്വീകരണം. വിവരിക്കുക.

**ഭാഗം III: 24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഒരോന്നിനും 10 മാർക്ക് വീതം.**

24. പൂർണ്ണമായും പ്രേക്ഷകനെ അനുഭവിപ്പിക്കലാണ് ഭരതവാക്യം നാടകത്തിലുടനീളം - സമർത്ഥിക്കുക.
25. പാരമ്പര്യത്തേയും വിശ്വാസപ്രമാണങ്ങളെയും അംഗീകരിക്കുന്ന പെരുന്തച്ചനും യുക്തിയുടെ ഭാഷയിൽ ജീവിതത്തോട് സംവദിക്കുന്ന മകനും തമ്മിലുള്ള സംഘർഷമാണ് എം. ടി. യുടെ പെരുന്തച്ചനിൽ. വിശദമാക്കുക.
26. മലയാളത്തിലെ കാല്പനിക കവിയുടെ, കാല്പനിക ഭാവം തുളുമ്പുന്ന ആത്മകഥയാണ് 'കവിയുടെ കാല്പാടുകൾ'. സമർത്ഥിക്കുക.
27. ദുഷ്കരമായ ഹിമപാതകളിലൂടെ രാജൻ കാക്കനാടൻ ഏകനായി നടത്തിയ യാത്രയുടെ അപൂർവ്വ സുന്ദരമായ അനുഭവങ്ങൾ 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന കൃതിയിൽ അനാവരണം ചെയ്യുന്നതെങ്ങനെയാണ് ?

**(2 x 10 = 20 മാർക്ക് )**